ഡോ. കെ.എ അബ്ദുർറഹീം

# ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ പ്രവർത്തന പാത

**ഇസ്‌ലാമിക** വ്യവസ്ഥയെന്നാൽ ഇസ്‌ലാമിന്റെ ക്രിമിനൽ നിയമങ്ങൾ നടപ്പിലാക്കലാണെന്ന് സങ്കൽപിച്ചുകൊണ്ടാണ് അനുകൂലികളും വിമർശകരുമായ പലരും സംസാരിക്കാറുള്ളത്. അതുകൊണ്ടുതന്നെ ചർച്ച വിഷയത്തിന്റെ മർമം സ്പർശിക്കാതെ നിയമങ്ങളുടെ താരതമ്യത്തിൽ ഒതുങ്ങിപ്പോകുന്നു. വാസ്തവത്തിൽ ജീവിതവീക്ഷണത്തിൽതന്നെയുള്ള അന്തരമാണ് ഇസ്‌ലാമിനെ ഇതര പ്രത്യയശാസ്ത്രങ്ങളിൽനിന്ന് വ്യതിരിക്തമാക്കുന്നത്. അതിന്റെ എല്ലാ നന്മകളും അതിന്റെ ജീവിതവീക്ഷണത്തിൽനിന്ന് ഉരുത്തിരിയുന്നതാണെന്നുള്ളത് അടിവരയിട്ട് മനസ്സിലാക്കേണ്ടിയിരിക്കുന്നു. നിലനിൽപിനായുള്ള മത്സരമാണ് ജീവിതമെന്നും അതിൽ അർഹതയുള്ളവർ അതിജീവിക്കുമെന്നുമുള്ള ഭൗതികസിദ്ധാന്തത്തിനു പകരം ഓരോരുത്തർക്കും സമൂഹത്തോട് ബാധ്യതയുണ്ടെന്നും കൂടുതൽ കരുത്തുള്ളവർക്ക് അതനുസരിച്ച് ബാധ്യതയും കൂടുതലായിരിക്കുമെന്നും അവയുടെ പൂർത്തീകരണമൊന്നുമാത്രമാണ് ജീവിതത്തെ പരലോകത്തേക്ക് മുതൽക്കൂട്ടാക്കുന്നതെന്നുമുള്ള ഇസ്‌ലാമികസിദ്ധാന്തം പ്രതിഷ്ഠിച്ചുകൊണ്ടല്ലാതെ മൗലികമായ മാറ്റം സാധ്യമല്ല. അല്ലാതെ ഏതെങ്കിലും ചില ക്രിമിനൽ നിയമങ്ങൾ നടപ്പിലാക്കുന്നതുകൊണ്ട് മാത്രം ഒരു വിപ്ലവം സാധ്യമാക്കാമെന്ന് കരുതുന്നത് വ്യാമോഹമാണ്. എല്ലാ പ്രവാചകന്മാരുടെയും പ്രബോധനം *ലാ ഇലാഹ ഇല്ലല്ലായി*ൽനിന്ന് ആരംഭിക്കാനുള്ള കാരണവും അതുതന്നെ. ആർത്തിയുടെയും സ്വാർഥതയുടെയും മറ്റും അടിമത്തത്തിൽനിന്ന് മനുഷ്യനെ മോചിപ്പിച്ചെടുത്ത് അല്ലാഹുവിന്റെ മാത്രം അടിമത്തത്തിൽ അടിയുറപ്പിച്ച് നിർത്തുകയെന്നതാണ് ഈ വിപ്ലവത്തിന്റെ മർമം. മനസ്സിൽ കുടികൊള്ളുന്ന അത്തരം വിഗ്രഹങ്ങളെ തകർത്തെറിഞ്ഞ് തൽസ്ഥാനത്ത് അല്ലാഹുവിന്റെ തൃപ്തിയും പ്രീതിയും പകരം വെക്കാതെ അടിസ്ഥാനപരമായ വിപ്ലവം സാധ്യമല്ല. പ്രവാചകദൗത്യത്തിന്റെ തുടർച്ച എന്ന നിലയിൽ ഇഖാമത്തുദ്ദീൻ ലക്ഷ്യമാക്കി പ്രവർത്തനമാരംഭിച്ചപ്പോൾതന്നെ ജമാഅത്തെ ഇസ്‌ലാമി ഇന്ത്യയിലെ സാഹചര്യങ്ങൾ പ്രത്യേകം കണക്കിലെടുക്കുകയുണ്ടായി.

1. പ്രബോധനം: ആചരിക്കപ്പെടുന്ന ഒരു മതം എന്നതിലപ്പുറം പ്രബോധനം ചെയ്യപ്പെടേണ്ട ഒരാദർശം എന്ന മുഖം തന്നെ ഇന്ത്യയിൽ ഇസ്‌ലാമിന് നഷ്ടപ്പെട്ടിരുന്നു. പല മതവിഭാഗങ്ങളിൽ ഒരു വിഭാഗമായി ജീവിച്ചുപോവുക എന്നല്ലാതെ ഒരാദർശത്തിന്റെ പ്രബോധകരാണ് തങ്ങളെന്ന തിരിച്ചറിവൊന്നും സമുദായത്തിനുണ്ടായിരുന്നില്ല.

2. മുസ്‌ലിംകളുടെ ധാർമിക അധഃപതനം: ഒരാദർശമെന്ന നിലയിൽ ഇസ്‌ലാമിന്റെ സ്വീകാര്യതക്ക് ഏറ്റവും വലിയ സംഭാവന നൽകിയിട്ടുള്ളത് എക്കാലത്തും അതിന്റെ അനുയായികളുടെ ഉന്നത ധാർമിക മാനവിക ഗുണങ്ങളായിരുന്നു. മുസ്‌ലിംകളെ കണ്ടും അനുഭവിച്ചും ഇസ്‌ലാമിനോട് മതിപ്പുണ്ടാകുന്നതിനു പകരം വെറുപ്പും പുഛവും ഉളവാക്കാനുതകുന്നതായിരുന്നു മുസ്‌ലിം സമുദായത്തിന്റെ പൊതുവായ ധാർമികനിലവാരം.

3. ഭീമമായ തെറ്റുധാരണ: ഇസ്‌ലാമിനെക്കുറിച്ച ശരിയായ ചിത്രം സമൂഹത്തിന് മുന്നിൽ ഉണ്ടായിരുന്നില്ല. പകരം വികലവും വികൃതവുമായ ഒരു യാഥാസ്ഥിതിക മതമാണ് സഹോദരസമുദായങ്ങൾക്ക് കാണാൻ കഴിഞ്ഞത്. അവരെ കൂടുതൽ തെറ്റിദ്ധരിപ്പിക്കുന്ന പ്രചാരണങ്ങളും മുറക്ക് അരങ്ങേറിക്കൊണ്ടിരുന്നു. മുസ്‌ലിംസമുദായത്തിലാവട്ടെ ആത്മാർഥതയുള്ള സത്യാന്വേഷകർക്ക് മുന്നിൽ പോലും ഇസ്‌ലാമിന്റെ ശരിയായ ചിത്രം സമർപ്പിക്കാൻ കഴിവുള്ളവർ വിരളവുമായിരുന്നു.

4. വർഗീയമായ പരസ്പര വിദ്വേഷം: ആദർശപ്രബോധനത്തിനു മുന്നിലെ ഏറ്റവും വലിയ തടസ്സമായി അന്നും ഇന്നും അനുഭവപ്പെടുന്നത് ഇന്ത്യയിലെ വർഗീയ ചേരിതിരിവ് തന്നെയാണ്. വർഗീയ വിദ്വേഷം ലഘൂകരിക്കുകയും നാട്ടിൽ സമാധാനാന്തരീക്ഷം ഉറപ്പുവരുത്തുകയും ചെയ്യാതെ ഒരുവിധ പ്രബോധനപ്രവർത്തനവും ഫലം കാണുകയില്ല.

5. അന്ധവിശ്വാസങ്ങളും അനാചാരങ്ങളും: ബഹുദൈവത്വപരമായ അന്ധവിശ്വാസങ്ങളും അനാചാരങ്ങളും പേറുന്ന ഒരു ജനതയെ പിന്നിലണിനിരത്തി വിഗ്രഹാരാധനയിലെ അർഥശൂന്യത ആരെയും ബോധ്യപ്പെടുത്താൻ നമുക്കാവില്ല.

6. വിമോചന പ്രത്യയശാസ്ത്രം: ഇസ്‌ലാമിനെ ജനങ്ങൾ പ്രത്യാശയോടെ സമീപിക്കുക അവരുടെ നീറുന്ന പ്രശ്നങ്ങൾക്ക് അത് പരിഹാരമായി അനുഭവപ്പെടുമ്പോഴാണ്. അനീതിക്കും പീഡനത്തിനുമെതിരെയുള്ള പോരാട്ടമുഖമാണ് എക്കാലത്തും അടിയാളരെയും പീഡിതരെയും അതിലേക്ക് അടുപ്പിച്ചത്. നീതിക്കും നന്മക്കും വേണ്ടി പൊരുതുന്നവരെ ആകർഷിക്കുന്നതും ഇസ്‌ലാമിന്റെ ഈയൊരു മുഖമാണ്. ഇത് ഏറക്കുറെ മുസ്‌ലിംസമൂഹത്തിൽനിന്ന് അപ്രത്യക്ഷമായിരുന്നു. അലി സഹോദരന്മാരെ പോലെയുള്ള അപൂർവം ചിലർ തങ്ങളുടെ അധിനിവേശവിരുദ്ധ പോരാട്ടത്തിന്റെ ആദർശാടിത്തറ ഇസ്‌ലാമിന്റെ വിമോചന മുഖമാണെന്ന് തുറന്നു പ്രഖ്യാപിച്ചിട്ടു കൂടി

പൊതുസമൂഹമോ മുസ്‌ലിം സമുദായമോ ആ നിലക്ക് അത് തിരിച്ചറിയാൻ കൂട്ടാക്കിയില്ല.

7. സമുദായത്തിന്റെ അവശത: വിഭജനത്തെത്തുടർന്ന് മുസ്‌ലിംകളിലെ വിദ്യാസമ്പന്നരും സാമ്പത്തിക ശേഷിയുള്ളവരും കൂട്ടത്തോടെ പാകിസ്താനിലേക്ക് പോയപ്പോൾ അവശേഷിച്ച ഇന്ത്യൻ മുസ്‌ലിംകളുടെ സാമ്പത്തികവും വിദ്യാഭ്യാസപരവുമായ നിലവാരം അത്യന്തം ശോചനീയമായി. വിദ്യാവിഹീനരും ദരിദ്രരുമായ ചെരിപ്പുതുന്നികളുടേതും റിക്ഷാവലിക്കാരുടേതുമായ ആൾക്കൂട്ടത്തെ മാതൃകാ സമൂഹമായി പരിവർത്തിപ്പിക്കാനുള്ള പരിശ്രമം അടിയന്തര പ്രാധാന്യമർഹിക്കുന്നതാണ്.

മേൽ പറഞ്ഞ സാഹചര്യങ്ങളെ നേരിടുന്നതിന് സർവതല സ്പർശിയായ ഒരു പ്രവർത്തന പരിപാടിയും പ്രസ്ഥാനം ആവിഷ്കരിച്ചു.

1. ഇസ്‌ലാമിക സമൂഹം: അല്ലാഹു വിശേഷിപ്പിച്ച 'ഉത്തമ സമുദായം' എന്ന പദവിയിലേക്ക് മുസ്‌ലിംകളെ ഉയർത്താൻ ശ്രമിക്കുകയെന്നതാണ് സാമുദായിക പ്രവർത്തനങ്ങളുടെ ആകത്തുക. അതായത് നൂറുകോടി വരുന്ന ഇന്ത്യൻ ജനതയിലേക്ക് ഇസ്‌ലാമിന്റെ സന്ദേശമെത്തിക്കേണ്ടവരാണ് ഇന്ത്യയിൽ ജീവിക്കുന്ന മുസ്‌ലിംകൾ എന്ന് അവരെ ബോധ്യപ്പെടുത്തി സജ്ജരാക്കുക. ഈ ജോലി ശരിക്കും മുറക്കും നിർവഹിക്കുന്നതിലൂടെ മാത്രമേ അല്ലാഹു വാഗ്ദാനം ചെയ്ത അന്തസ്സും പദവിയും പ്രാപിക്കാനാവൂ. ഉത്തരവാദിത്വം നിർവഹിക്കാൻ പര്യാപ്തമാകുന്ന വിധത്തിൽ അവരിലെ വിശ്വാസപരവും ധാർമികവുമായ ജീർണതകൾ ദൂരീകരിക്കുക. അതിനായി വ്യക്തിസമ്പർക്കങ്ങൾ, സ്കോഡ് പ്രവർത്തനങ്ങൾ, ഗ്രന്ഥങ്ങൾ, പ്രസിദ്ധീകരണങ്ങൾ, ഖുത്ബകൾ, ഇതര പ്രഭാഷണങ്ങൾ എന്നിവ ഫലപ്രദമായി ഉപയോഗിക്കുക. വ്യക്തിജീവിതത്തിലും കുടുംബജീവിതത്തിലും സാമൂഹികജീവിതത്തിലും സാധ്യമാവുന്നത്ര ഇസ്‌ലാമിന്റെ പ്രായോഗിക മാതൃകകൾ സമർപ്പിക്കുക.

2. പൊതുസമൂഹം: ഇന്ത്യൻ ജനതയിൽ ഇസ്‌ലാമിന്റെ സന്ദേശം പ്രചരിപ്പിക്കുക ഇസ്‌ലാമിക പ്രസ്ഥാനത്തെ സംബന്ധിച്ചേടത്തോളം ഒരിക്കലും അവഗണിക്കാനാവാത്ത ബാധ്യതയാണ്. ആളുകളെ മതപരിവർത്തനം നടത്തി കാനേഷുമാരിയിൽ എണ്ണം പെരുപ്പിക്കുകയല്ല, മറിച്ച് അറിയാതെ നരകത്തിലേക്ക് സഞ്ചരിച്ചുകൊണ്ടിരിക്കുന്ന സഹോദരന്മാരെ രക്ഷിക്കണമെന്ന ആത്മാർഥമായ ഗുണകാംക്ഷയും സ്വന്തം ബാധ്യത നിർവഹിച്ചവരായി അല്ലാഹുവിന്റെ സന്നിധിയിൽ ചെന്നെത്താനുള്ള അദമ്യമായ ആഗ്രഹവുമാണതിന്റെ പ്രചോദനം. അതുകൊണ്ടുതന്നെ തന്റെ അയൽവാസിക്കും സുഹൃത്തിനും സഹപ്രവർത്തകന്നുമൊക്കെ ഇസ്‌ലാമിനെ പരിചയപ്പെടുത്തുകയും അതിലേക്ക് ക്ഷണിക്കുകയും ചെയ്യുകയെന്നത് ഒരു നിലക്കും വൈകിക്കാവുന്നതല്ല. 'മുസ്‌ലിം സമുദായത്തിന്റെ സംസ്കരണം പൂർത്തിയാവട്ടെ, അപ്പോൾ ഈ ദീനിന്റെ ശോഭ കണ്ടറിഞ്ഞ് ആളുകൾ താനെ വന്നുകൊള്ളും' എന്നു കാത്തിരിക്കാനോ 'മറ്റാരെങ്കിലും ചെയ്യട്ടെ അതിലൂടെ നമ്മുടെ ബാധ്യതയും ഒഴിവായിക്കിട്ടും' എന്നാശ്വസിക്കാനോ സാധ്യമല്ല.

അതോടൊപ്പം പ്രബോധിത സമൂഹവുമായുള്ള മാനസികബന്ധമാണ് പ്രബോധനം ഫലപ്രദമാവാനുള്ള മുന്നുപാധിയെന്നും ഏതു നിലക്കും വർഗീയമായ അകൽച്ച കുറച്ചുകൊണ്ടുവന്നേ മതിയാവൂ എന്നും പ്രസ്ഥാനം മനസ്സിലാക്കുന്നു. വർഗീയത ചെറുക്കാനും മതസൗഹാർദം പുനഃസ്ഥാപിക്കാനും ലഭിക്കുന്ന ഏതൊരവസരവും ഫലപ്രദമായി വിനിയോഗിക്കാൻ പ്രസ്ഥാനം ബദ്ധശ്രദ്ധമാണ്. ഓരോ ചുവടിലും ഈ ജാഗ്രത പ്രസ്ഥാനം നിലനിർത്തുന്നു. ആഘോഷവേളകളും ജീവകാരുണ്യപ്രവർത്തനങ്ങളും മാത്രമല്ല സകാത്ത്, സ്വദഖകളിൽ പോലും ശരീഅത്ത് അനുവദിക്കുന്നേടത്തോളം ഈ ദിശയിൽ ഉപയോഗപ്പെടുത്തി പ്രബോധിതരുമായി സൗഹാർദമുറപ്പിക്കാൻ പ്രസ്ഥാനം ശ്രദ്ധിക്കാറുണ്ട്.

ഇസ്‌ലാമിക പ്രബോധനരംഗത്ത് പ്രസ്ഥാനത്തിന്റെ മറ്റൊരു സവിശേഷത ഇസ്‌ലാമിനെ അതിന്റെ സമഗ്രരൂപത്തിൽ സമൂഹത്തിന് മുമ്പാകെ സമർപ്പിക്കുന്നു എന്നതാണ്. 'അല്ലാഹുവിന് മാത്രം വഴിപ്പെടുക, അവന്റെ ദൂതനെ പിൻപറ്റുക' എന്ന അടിസ്ഥാനാദർശം മുന്നോട്ടു വെച്ച് അതംഗീകരിക്കാൻ സമൂഹത്തെ ക്ഷണിക്കുമ്പോൾ 'അംഗീകരിച്ചാൽ എന്ത്?' എന്ന് സ്വാഭാവികമായും ചോദ്യമുയരും. അതിന് ഖുർആനും പ്രവാചകനും നൽകുന്ന മറുപടി, താഴ്ഭാഗത്തിലൂടെ ആറുകളൊഴുകുന്ന സ്വർഗീയാരാമമാണ് നിങ്ങൾക്ക് അതിനുള്ള പ്രതിഫലം എന്നു മാത്രമല്ല; ഈ ലോകത്ത് [illegible] നിന്നും മനുഷ്യർക്ക് വിഭവങ്ങൾ വർഷിക്കപ്പെടുമെന്നും കൂടിയായിരുന്നു. അതായത് പരലോകമോക്ഷത്തിന് മാത്രമല്ല ഐഹിക ക്ഷേമത്തിനും കൂടിയുള്ള ഒരു പാക്കേജാണ് ഇസ്‌ലാം എന്ന്. ഭൗതികവിമോചന പ്രത്യയശാസ്ത്രങ്ങൾ പരാജയപ്പെടുകയും മനുഷ്യരാശി മുതലാളിത്തത്തിന്റെ ലോകക്രമത്തിലേക്ക് കൂപ്പുകുത്തുകയും ചിന്താശേഷിയുള്ളവരിൽ 'ഇനിയെന്ത്' എന്ന ചോദ്യം ശക്തമായി ഉയരുകയും ചെയ്തുകൊണ്ടിരിക്കുന്ന വർത്തമാനകാല സാഹചര്യത്തിൽ ഈയൊരു ശൈലി മുമ്പെന്നത്തേക്കാൾ പ്രസക്തമാണ്. ഈ യാഥാർഥ്യം മനസ്സിലാക്കാതെയാണ് ചിലർ ഇസ്‌ലാം ജീവിതപദ്ധതിയല്ല, മരണപദ്ധതിയാണെന്ന് സമർഥിക്കാൻ ശ്രമിച്ചത്.

3. തർബിയത്ത്: ജനങ്ങളെ സന്മാർഗത്തിലേക്ക് ക്ഷണിക്കുന്നതിലൂടെ സ്വന്തം സന്മാർഗം ഉറപ്പുവരുത്താനാണ് ശ്രമിക്കുന്നതെന്ന ബോധം പ്രവർത്തകരിൽ സജീവമാക്കി നിലനിർത്തുകയെന്നതാണ് തർബിയത്ത് പരിപാടികളുടെ ആശയാടിത്തറ. സമൂഹത്തിന്റെ ശരാശരിയിൽനിന്നും ഗുണപരമായി ഉയർന്നു നിൽക്കുന്നവർക്കേ സമൂഹത്തെ സ്വാധീനിക്കാനാവൂ എന്ന് തിരിച്ചറിഞ്ഞ് പ്രവർത്തകരെ മാതൃകാ ഇസ്‌ലാമിക വ്യക്തിത്വങ്ങളാക്കി വളർത്തിയെടുക്കാൻ മനുഷ്യസാധ്യമായ എല്ലാ ശ്രമങ്ങളും പ്രസ്ഥാനം നടത്തിക്കൊണ്ടിരിക്കുന്നു. വീഴ്ചകളും കുറവുകളും വിലയിരുത്തി പരിപാടികളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്താറുണ്ട്. കർമരംഗത്ത് സജീവമാക്കുന്നതിലൂടെയും ഉൽകൃഷ്ട വ്യക്തിത്വങ്ങളുമായുള്ള സഹവാസത്തിലൂടെയും ലഭിക്കുന്നതാണ് ഏറ്റവും ഫലപ്രദമായ തർബിയത്ത്. ഇസ്‌ലാമികപ്രസ്ഥാനം അതിനുള്ള അവസരം എല്ലാതലത്തിലുമുള്ള പ്രവർത്തകർക്ക് ലഭ്യമാവും വിധം പരിപാടികൾ ആവിഷ്കരിച്ചിരിക്കുന്നു. ഇതെല്ലാം കുറേയൊക്കെ ഫലം കാണുന്നുവെങ്കിലും, ഇതര സംഘടനകളുമായുള്ള താരതമ്യത്തിൽ നില മെച്ചമാണെങ്കിലും ഒരു മാതൃകാ ഇസ്‌ലാമിക സംഘം എന്ന ലക്ഷ്യത്തിലെത്താൻ ഇനിയും ഏറെദൂരം താണ്ടേണ്ടതുണ്ട്.

4. ജനസേവനം: ദുരിതങ്ങളും കഷ്ടപ്പാടുകളും അനുഭവിക്കുന്നവരെ സഹായിക്കുകയെന്നത് സ്വയം തന്നെ ഒരു ഇസ്‌ലാമിക പ്രവർത്തനമാണ്. ദൈവികഗുണങ്ങളിൽ ഏറ്റവും മുന്തിനിൽക്കുന്നതും തന്റെ ദാസന്മാരിൽനിന്നും ദൈവം ഏറ്റവും ആവശ്യപ്പെടുന്നതും കാരുണ്യമാണ്. സഹജീവികളോടുള്ള കാരുണ്യപ്രകാശനത്തിലൂടെയാണ് ദാസൻ അല്ലാഹുവിലേക്ക് ഏറ്റവും അടുക്കുന്നതും. അതുകൊണ്ടുതന്നെ പ്രവർത്തകരുടെ തർബിയത്തിന് ഏറെ ഫലപ്രദമായ ഒരു മാർഗമായും ജനസേവനത്തെ പ്രസ്ഥാനം കാണുന്നു. ഇസ്‌ലാമിന്റെ ജീവകാരുണ്യമുഖം ജനങ്ങൾക്കനുഭവപ്പെടുന്നതും ജനസേവനപ്രവർത്തനത്തിലൂടെയാണ്. ആശയതലത്തിൽ ഇസ്‌ലാമിനെ പഠിച്ച് ഇതിൽ ആകൃഷ്ടരായിട്ടു

ള്ളവരേക്കാൾ എക്കാലത്തും എണ്ണത്തിൽ മുന്തിനിന്നിട്ടുള്ളത് ഇസ്‌ലാമിന്റെ മനുഷ്യസ്നേഹത്തിന്റേതായ ഈ വശം അനുഭവിച്ചറിയാൻ ഇടയായിട്ടുള്ള സാധാരണക്കാരാണ്. ജനസേവന പ്രവർത്തനങ്ങളിൽ സന്മനസ്സുള്ള മുഴുവൻ ആളുകളെയും സഹകരിപ്പിക്കുക വഴി പ്രവർത്തകരുടെ ആത്മാർഥതയും ഉദ്ദേശ്യശുദ്ധിയും അടുത്തറിയാൻ നിരവധി പേർക്ക് അവസരമുണ്ടാവുകയും നാനാ ജാതിമത വിഭാഗങ്ങളിൽപെട്ട വലിയൊരു വൃത്തം സഹകാരികളെ പ്രസ്ഥാനത്തിന് ലഭിക്കുകയും ചെയ്യുന്നു. സ്വാർഥത പിടിമുറുക്കുന്ന ലോകത്ത് സഹകരണത്തിന്റെയും ത്യാഗത്തിന്റെയും ഇതര മാനുഷിക മൂല്യങ്ങളുടെയും വീണ്ടെടുപ്പിന് ഇത് ഏറെ സഹായകമാകുന്നു. വർഗീയതയെ ചെറുക്കാനും ഇതാണ് ഏറ്റവും ഫലപ്രദമായ മാർഗം. ഇസ്‌ലാമിനും പ്രസ്ഥാനത്തിനും നേരെ ഉയരുന്ന അന്യായമായ വിമർശനങ്ങളെയും ആക്രമണങ്ങളെയുംപ്രതിരോധിക്കാൻ സർവാത്മനാ മുന്നോട്ടുവരുന്നതും ഈ സഹകാരി വൃത്തമായിരിക്കുമെന്നതാണ് അനുഭവം. പ്രവർത്തകർക്ക് അവിസ്മരണീയ അനുഭവങ്ങൾ സമ്മാനിക്കുന്നതും ജനസേവന ജീവകാരുണ്യ മേഖലകളാണ്. ലാത്തൂരിലെയും ഗുജറാത്തിലെയും ഭൂകമ്പബാധിത അവശിഷ്ടങ്ങൾക്കിടയിൽനിന്ന് പഴകി ജീർണിച്ച മനുഷ്യജഡങ്ങൾ വലിച്ചെടുത്ത് സംസ്കരിക്കുകയും മുറിവേറ്റവരെ ശുശ്രൂഷിക്കുകയും ചെയ്യുന്നതിലൂടെ ഏതു ദുരന്താവസ്ഥയിലും പതറിപ്പോവാത്ത ഇസ്‌ലാമിക പ്രവർത്തകർ വാർത്തെടുക്കപ്പെടുകയാണ്.

ആലപ്പാട്ട് വലിയഴീക്കൽ പ്രദേശങ്ങളിലെ സൂനാമിദുരിതാശ്വാസ പ്രവർത്തനത്തിനെത്തിയ ജമാഅത്ത് പ്രവർത്തകരെ, രണ്ടാം മാറാടിന്റെ പശ്ചാത്തലത്തിൽ മുസ്‌ലിം സമുദായത്തിനെതിരെ പൊട്ടിത്തെറിക്കാൻ വെമ്പിനിന്ന അരയസമുദായം പക്ഷേ, ജമാഅത്ത് സംഘത്തിന് ക്ഷേത്രവളപ്പിൽതന്നെ ടെന്റ് നിർമിക്കാൻ സൗകര്യമൊരുക്കിക്കൊടുക്കുകയായിരുന്നു. അന്തരീക്ഷം ഈവിധം മാറിമറിഞ്ഞത് പ്രവർത്തകരുടെ അർപ്പണബോധം നേരിട്ടനുഭവിക്കാൻ അവർക്ക് അവസരം ലഭിച്ചതുകൊണ്ടായിരുന്നു. പത്തു ദിവസത്തെ ക്യാമ്പ് അവസാനിച്ച് പ്രവർത്തകരെ യാത്രയയക്കുമ്പോൾ ആർ.എസ്.എസ് പ്രവർത്തകരുടെ പോലും കണ്ണുനിറഞ്ഞിരുന്നു. 'ഇതുവരെ കേട്ടറിഞ്ഞതിൽനിന്നും വ്യത്യസ്തമായി ഇന്നു ഞങ്ങൾ ജമാഅത്തെ ഇസ്‌ലാമിയെ അനുഭവിച്ചറിഞ്ഞു. ഇനിയവർ ഏതു കാര്യത്തിന് വിളിച്ചാലും ഞങ്ങൾ മുന്നിലുണ്ടാകു'മെന്നാണ് യാത്രയയപ്പ് വേദിയിൽ ഒരു അരയസമാജം നേതാവ് പ്രഖ്യാപിച്ചത്. ഇത്തരം അനുഭവങ്ങൾ പ്രവർത്തകരിൽ വിശ്വാസദാർഢ്യവും കർമാവേശവും സൃഷ്ടിക്കുന്നതിൽ വലിയ പങ്കുവഹിക്കുന്നു.

5. സാമൂഹിക ഇടപെടലുകൾ: 'ഖൈറു ഉമ്മത്ത്' എന്നു വിശേഷിപ്പിച്ചുകൊണ്ട് വിശ്വാസികളോട് നന്മയുടെ സംസ്ഥാപനവും തിന്മയുടെ ഉഛാടനവും ആവശ്യപ്പെടുന്ന ഖുർആനിക കൽപനയാണിതിന്റെ അടിത്തറ. 'വിശ്വാസി തിന്മയുടെ അഴുക്ക് പുരളാതെ സ്വയം സദ്‌വൃത്തനായി ജീവിച്ചാൽ പോരാ; തിന്മക്കെതിരെയുള്ള പോരാട്ടവും അവന്റെ ബാധ്യതയാണ്' എന്നാണിതിന്റെ സാരാംശം. സമൂഹത്തിൽ നന്മയോടാഭിമുഖ്യം വളർത്തുകയും തിന്മക്കെതിരെ ജനവികാരം ഉയർത്തുകയും ചെയ്യുന്ന സാധ്യമായ എല്ലാ സംഘടിത ശ്രമങ്ങളും ഈ പോരാട്ടത്തിന്റെ ഭാഗമായി പ്രസ്ഥാനം നിർവഹിച്ചുകൊണ്ടിരിക്കുന്നു. അതിനായുള്ള സർക്കാർ ശ്രമങ്ങളെ പിന്തുണക്കുകയും മറ്റുള്ളവരുമായി സഹകരിക്കുകയും ചെയ്യുന്നു. മാധ്യമങ്ങളിലൂടെയും ജനസമ്പർക്ക കാമ്പയിനുകൾ വഴിയും ശക്തമായ ജനമുന്നേറ്റം സൃഷ്ടിക്കുകയും പാർട്ടികളിലും സർക്കാരിലും സമ്മർദം ചെലുത്തുകയും ചെയ്യുന്നു. തെറ്റായ പ്രവണതകൾക്കും ദ്രോഹകരമായ നയനിലപാടുകൾക്കുമെതിരെ ജനാധിപത്യപരമായ പോരാട്ടത്തിന്റെ എല്ലാ സാധ്യതകളും പ്രയോജനപ്പെടുത്തുന്നു. സാമൂഹികനീതിക്കും മനുഷ്യാവകാശങ്ങൾക്കും വേണ്ടിയുള്ള പ്രസ്ഥാനത്തിന്റെ പോരാട്ടങ്ങൾ വലിയൊരു വിഭാഗം ജനങ്ങളിൽ മതിപ്പുളവാക്കുകയും വിമോചന പ്രത്യയശാസ്ത്രമെന്ന നിലയിൽ ഇസ്‌ലാമിനെ പഠിക്കാൻ പ്രചോദനമാകുകയും ചെയ്തിട്ടുണ്ട്.

തെരഞ്ഞെടുപ്പുകളെ ഇത്തരം സാമൂഹിക ഇടപെടലിനുള്ള അവസരമായി പ്രസ്ഥാനം വിലയിരുത്തിയിട്ടുണ്ട്. എങ്കിലും ആദ്യഘട്ടത്തിൽ തെരഞ്ഞെടുപ്പു രംഗത്തുനിന്ന് അകന്നുനിന്ന് ആഭ്യന്തരഘടന ശക്തമാക്കുന്നതിനാണ് ഊന്നൽ നൽകിയത്. ഇടപെടൽശേഷി തീരെ ദുർബലമായിരുന്നതും സാഹചര്യം പ്രത്യേകിച്ച് നിർബന്ധിക്കാതിരുന്നതും അതിന് കാരണമായിട്ടുണ്ട്. തെരഞ്ഞെടുപ്പു പ്രക്രിയയിൽ പങ്കെടുക്കാൻ ആരംഭിച്ച ശേഷം, പ്രത്യേകിച്ചും സമീപകാലത്ത് പ്രസ്ഥാനത്തിന്റെ നിലപാടുകൾ വ്യാപകമായ നിരൂപണങ്ങൾക്കും വിമർശനങ്ങൾക്കും ഇടയായിട്ടുണ്ടെങ്കിലും വലിയൊരു വിഭാഗം ജനങ്ങൾ പ്രസ്ഥാനത്തിന്റെ നിലപാട് അംഗീകരിക്കുകയും ഇതിൽ പ്രതീക്ഷ പുലർത്തുകയും ചെയ്യുന്നതായി അനുഭവപ്പെടുന്നു. ജീർണതയിലേക്ക് കൂപ്പുകുത്തുന്ന സംഘടനകൾക്ക് ഇതൊരു തിരിച്ചറിവിനും തിരുത്തലിനും പ്രചോദനമാകേണ്ടതാണ്.

ദേശീയതലത്തിൽ വർഗീയത വളമാക്കി ഫാഷിസ്റ്റ് രാഷ്ട്രീയം ശക്തിപ്രാപിച്ച് ഇന്ത്യയുടെ ഭാവിക്കുമേൽ കരിനിഴൽ വീഴ്ത്തിയപ്പോൾ ഒരു ദ്വിമുഖതന്ത്രം ആവിഷ്കരിച്ചുകൊണ്ടാണ് ഈ പ്രസ്ഥാനം അതിനെ നേരിട്ടത്. ആശയതലത്തിൽ ഫാഷിസത്തിന്റെ വിപത്തിനെയും സാമുദായിക സൗഹാർദത്തിന്റെ അനിവാര്യതയെയും കുറിച്ച് ബോധവത്കരിക്കുകയും മതേതര സമൂഹത്തെ ജാഗ്രത്താക്കുകയും ചെയ്യുന്ന പരിപാടിയായിരുന്നു. അതിനായി വിവിധ തലങ്ങളിൽ ചർച്ചകളും സെമിനാറുകളും സംഘടിപ്പിക്കുകയും കക്ഷിരാഷ്ട്രീയത്തിൽനിന്ന് വിട്ടുനിൽക്കുന്ന പ്രമുഖ വ്യക്തിത്വങ്ങളുടെ കൂട്ടായ്മ രൂപപ്പെടുത്താൻ ശ്രമിക്കുകയും ചെയ്തു. ഈ ശ്രമങ്ങളുടെ വിജയമാണ് എഫ്.ഡി.സി.എ പോലുള്ള വേദികൾ. അഖിലേന്ത്യാ തലത്തിൽ ജസ്റ്റിസ് താർക്കുണ്ഡെയും കേരളത്തിൽ ജസ്റ്റിസ് കൃഷ്ണയ്യരും നേതൃത്വം നൽകി ആരംഭിച്ച ഈ വേദി കഴിഞ്ഞ പത്തു വർഷത്തിലധികമായി പ്രശംസനീയമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

ഫാഷിസത്തിനെതിരെ ന്യൂനപക്ഷ വോട്ടുകൾ സമാഹരിക്കുന്നതിനുള്ള തെരഞ്ഞെടുപ്പ് ഇടപെടലുകളായിരുന്നു അതിന്റെ മറ്റൊരു മുഖം. ത്രികോണ, ചതുഷ്കോണ മത്സരങ്ങൾ നടക്കുന്ന മണ്ഡലങ്ങളിൽ മതേതര വോട്ടുകൾ ഭിന്നിക്കുന്നത് മുതലെടുത്ത് ഫാഷിസ്റ്റുകൾ ജയിച്ചുകയറുന്നത് തടയാൻ ഫാഷിസ്റ്റ് സ്ഥാനാർഥിക്കെതിരെ ഏറ്റവും പ്രബലനായ മതേതര സ്ഥാനാർഥിയെ പിന്തുണക്കാൻ ആഹ്വാനം ചെയ്യുകയെന്നതായിരുന്നു ഈ തന്ത്രത്തിന്റെ മർമം. അതിനായി തെരഞ്ഞെടുത്ത മണ്ഡലങ്ങളിൽ സൂക്ഷ്മപഠനം നടത്തി പിന്തുണക്കേണ്ട സ്ഥാനാർഥികളുടെ ലിസ്റ്റ് പ്രസിദ്ധീകരിച്ചു. ഇത് ഏറെ വിജയം കാണുകയുമുണ്ടായി.

6. അന്തർദേശീയ പ്രശ്നങ്ങൾ: അന്തർദേശീയ തലത്തിൽ ആഗോള രാഷ്ട്രീയം സൂക്ഷ്മമായി വിലയിരുത്തി നീതിയുടെ പക്ഷം ചേർന്ന് സാധ്യമാകുന്ന ഇടപെടലുകൾ പ്രസ്ഥാനം നടത്തിവരുന്നു. എഴുപതുകളിൽ കമ്യൂണിസ്റ്റ് വിയറ്റ്നാമിൽ അമേരിക്ക നടത്തിയ നീചമായ ആക്രമണത്തെ തുറന്നപലപിക്കുന്നതിൽ ഇന്ത്യയിലെ ഇസ്‌ലാമിക പ്രസ്ഥാനവും മുന്നിലുണ്ടായിരുന്നു. കമ്യൂണിസ

വുമായുള്ള ആശയസമരം തുടരവേ തന്നെ അമേരിക്കയുടെ അന്യായമായ കടന്നാക്രമണത്തെ ശക്തമായി അപലപിക്കാൻ പ്രസ്ഥാനത്തിന് മടിയുണ്ടായില്ല.

പിന്നീട് എൺപതുകളിൽ നടന്ന സോവിയറ്റ് യൂനിയന്റെ അഫ്ഗാൻ അധിനിവേശത്തെയും പ്രസ്ഥാനം ശക്തിയായി അപലപിച്ചു. സോവിയറ്റ് യൂനിയന്റെ തിരോധാനത്തോടെ, ഒരു എതിർശക്തിയുടെ അഭാവത്തിൽ, മുതലാളിത്ത സാമ്രാജ്യത്വം കൂടുതൽ രൗദ്രമായി അഫ്ഗാനിസ്താൻ, ഇറാഖ് തുടങ്ങിയ രാജ്യങ്ങൾ വിഴുങ്ങിക്കൊണ്ട് മുന്നേറിയത് സമീപകാല സംഭവമാണ്. ഇപ്പോൾ മുതലാളിത്ത സാമ്രാജ്യത്വത്തെ കാലഘട്ടത്തിന്റെ ജാഹിലിയ്യത്തായി തിരിച്ചറിഞ്ഞ് ചെറുക്കുന്നതിൽ ലോക ഇസ്‌ലാമിക പ്രസ്ഥാനങ്ങൾക്ക് ഒരേ മനസ്സാണ്. കാലത്തിന്റെ ചുവരെഴുത്തും സാഹചര്യങ്ങളുടെ തേട്ടവും തിരിച്ചറിഞ്ഞ് മനുഷ്യരാശിയുടെ മുഖ്യശത്രുവായ മുതലാളിത്ത സാമ്രാജ്യത്വത്തെ ചെറുക്കുന്നതിൽ ഇസ്‌ലാമിസ്റ്റുകളും കമ്യൂണിസ്റ്റുകളും കൈകോർത്തുകൊണ്ട് ഇരകളുടെ ഐക്യനിര രൂപപ്പെടുത്തുന്ന കാഴ്ചയാണ് ലോകത്തിന്റെ പല ഭാഗങ്ങളിലും കാണാൻ കഴിയുന്നത്. ലാറ്റിനമേരിക്കയിലെ നിരക്ഷര ഗ്രാമീണരിൽ അഹ്മദീ നിജാദ് വീരനായകനാകുന്നതും അറബ് മുസ്‌ലിം നാടുകളിലെ മതബോധമുള്ള പുതിയ തലമുറയിൽ ഹ്യൂഗോ ചാവേസും ഇവാൻ മെറേൽസും പ്രിയങ്കരരാകുന്നതും ഇതിന്റെ സൂചനയാണ്.

7. സാമുദായിക പ്രശ്നങ്ങൾ: ഒരു ആദർശപ്രസ്ഥാനമെന്ന നിലയിൽ സങ്കുചിത സാമുദായികതയിൽനിന്നകന്ന് ഇസ്‌ലാമിക ആദർശം ഉയർത്തിപ്പിടിച്ച് നിലകൊള്ളാനാണ് എന്നും ജമാഅത്തെ ഇസ്‌ലാമി ശ്രമിച്ചിട്ടുള്ളത്. അതോടൊപ്പം മുസ്‌ലിം സമുദായത്തിന്റെ ന്യായമായ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും അവശതകൾ ദൂരീകരിക്കുന്നതിനും പ്രസ്ഥാനം പരിശ്രമിച്ചുകൊണ്ടിരുന്നു. അമ്പതുകളിലും അറുപതുകളിലുമുണ്ടായ വർഗീയകലാപങ്ങളുടെ പരമ്പര മുസ്‌ലിം സമുദായത്തിന്റെ അസ്തിത്വത്തിനും സാംസ്കാരിക സ്വത്വത്തിനും കനത്ത വെല്ലുവിളികൾ ഉയർത്തിയ സാഹചര്യം സാമുദായിക കൂട്ടായ്മക്ക് ശക്തമായി രംഗത്തുവരാൻ ജമാഅത്തിനെ നിർബന്ധിച്ചു. മുസ്‌ലിം മജ്‌ലിസെ മുശാവറ, മുസ്‌ലിം പേഴ്സണൽ ലോ ബോർഡ് തുടങ്ങിയ പൊതുവേദികൾ രൂപീകരിക്കാൻ ജമാഅത്ത് മുൻകൈയെടുത്തത് ഈ പശ്ചാത്തലത്തിലായിരുന്നു. സമുദായത്തിന്റെ അവകാശങ്ങൾക്കു വേണ്ടി ശബ്ദിക്കുമ്പോൾ അത് അപക്വവും വൈകാരികവുമായ ശൈലിയിൽ ആവാതിരിക്കാൻ പ്രസ്ഥാനം ശ്രദ്ധിക്കുന്നു. സാമുദായിക പ്രവർത്തനങ്ങൾ വർഗീയചേരിതിരിവിന് ആക്കം കൂട്ടാനിടയാവരുതെന്ന് പ്രസ്ഥാനത്തിന് ബോധ്യമുണ്ട്. ശാബാനു കേസിന്റെ പശ്ചാത്തലത്തിൽ ഏക സിവിൽകോഡിന് വേണ്ടിയുള്ള മുറവിളി ശക്തമായപ്പോൾ ബൗദ്ധിക സംവാദത്തിന്റെ തലത്തിൽ അതിനെ പ്രതിരോധിക്കുക മാത്രമല്ല ഇസ്‌ലാമിക ശരീഅത്തിനെ ബഹുജനങ്ങൾക്ക് പരിചയപ്പെടുത്താനുള്ള ഒരവസരമായി കൂടി പ്രസ്ഥാനം അതിനെ ഉപയോഗപ്പെടുത്തുകയുണ്ടായി.

അടിക്കടി ഉണ്ടാകുന്ന വർഗീയ കലാപങ്ങളും ഭരണകൂടത്തിന്റെ ഭാഗത്തുനിന്നുള്ള നീതിനിഷേധവും, രാഷ്ട്രീയ കക്ഷികളിൽ നിന്നുണ്ടാകുന്ന കയ്പുറ്റ അനുഭവങ്ങളും മീഡിയയുടെയും പൊതുസമൂഹത്തിന്റെയും ഭാഗത്തുനിന്നുണ്ടാകുന്ന മുൻവിധിയോടെയുള്ള തീവ്രവാദാരോപണവും എല്ലാം കൂടിച്ചേർന്ന് മുസ്‌ലിംകളിൽ ഉളവാക്കുന്ന കടുത്ത അരക്ഷിതബോധവും നിരാശയും ചുരുക്കം ചില യുവാക്കളിലെങ്കിലും ഒരുതരം പ്രതിവർഗീയതയും തീവ്രനിലപാടുകളും ഉളവാക്കുന്നുവെന്നതാണ് അടിയന്തര പരിഹാരം തേടുന്ന ഒരു പ്രശ്നം. അടുത്തകാലത്തായി ഈ പ്രവണത സംഘടിത രൂപം പ്രാപിച്ചുവരുന്നുവെന്നത് പ്രശ്നത്തെ കൂടുതൽ ഗുരുതരമാക്കുന്നുണ്ട്. ഇത്തരം സംഘങ്ങൾ നടത്തിയ ചില നീക്കങ്ങളിലെ അപകടം തിരിച്ചറിഞ്ഞ പ്രമുഖ മുസ്‌ലിം സംഘടനകൾ ഒന്നടങ്കം അതിനെ അപലപിക്കുകയും അതിനെതിരിൽ സാമാന്യ ജനങ്ങളെ ബോധവത്കരിക്കാൻ തയാറാവുകയും ചെയ്തത് ആശ്വാസകരമാണ്. ഇക്കാര്യത്തിലും വളരെ കൃത്യവും സുചിന്തിതവുമായ നിലപാടാണ് പ്രസ്ഥാനം കൈക്കൊള്ളുന്നത്. ഒരുവശത്ത് അവർ ഉയർത്തുന്ന പ്രശ്നങ്ങൾക്ക് നേരെ കണ്ണടക്കാതിരിക്കുക. മറുവശത്ത് മുസ്‌ലിം ഉമ്മത്തിന്റെ നിയോഗലക്ഷ്യം പോലും മറന്ന് പ്രത്യാക്രമണം എന്ന അജണ്ടയിൽ ഊന്നുന്നതിന്റെ അപകടകാരിത അവരെ ബോധ്യപ്പെടുത്താൻ പരിശ്രമിക്കുക. മൂന്നാമതൊരു വശത്ത് തീവ്രവാദപരവും ഹിംസാത്മകവുമായ നടപടികൾക്ക് ഇസ്‌ലാമിന്റെയോ സമുദായത്തിന്റെയോ പിന്തുണയില്ലെന്ന സത്യം ജനങ്ങളെ ബോധ്യപ്പെടുത്തുക. മുസ്‌ലിംവിരുദ്ധ ശക്തികൾ ഈ വിഷയം കൈകാര്യം ചെയ്യുന്നത് മുതലെടുപ്പിന് അവസരം ലഭിക്കാത്ത രീതിയിലായിരിക്കാൻ ജമാഅത്ത് ശ്രദ്ധിക്കുന്നു. ഇത്തരം പ്രവർത്തനങ്ങളിൽ ഇതര സംഘടനകളുമായി സഹകരിച്ച് ലക്ഷ്യം കാണാനാണ് പ്രസ്ഥാനം ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ജമാഅത്തെ ഇസ്‌ലാമിയിൽനിന്ന് പ്രവർത്തകരെ ആകർഷിക്കാൻ തീവ്രവാദ സ്വഭാവമുള്ള സംഘങ്ങൾക്ക് കഴിഞ്ഞിട്ടില്ല എന്നത് എടുത്തു പറയേണ്ട വസ്തുതയാണ്. ഏതാണ്ട് എല്ലാ മുസ്‌ലിംസംഘടനകളിൽനിന്നും കുറേ യുവാക്കൾ പ്രസ്തുത സംഘങ്ങളിൽ ചേക്കേറിയപ്പോൾ ജമാഅത്തെ ഇസ്‌ലാമി അതിനപവാദമായി നിൽക്കുന്നതിൽ വിമർശകർ അമ്പരക്കുകയാണ്.

കേരളത്തിലെ മുസ്‌ലിം സംഘടനകൾക്കിടയിലെ കൊമ്പുകോർക്കൽ ലഘൂകരിക്കാൻ കാലാകാലങ്ങളിൽ പ്രസ്ഥാനം ആത്മാർഥ ശ്രമങ്ങൾ നടത്തിയിട്ടുണ്ട്. അഭിപ്രായ വ്യത്യാസങ്ങളും ആരോഗ്യകരമായ വിമർശനങ്ങളും നിലനിർത്തിക്കൊണ്ടുതന്നെ യോജിപ്പിന്റെ മേഖലകൾ കണ്ടെത്താനും പൊതുവായ വിഷയങ്ങളിൽ സഹകരിച്ച് പ്രവർത്തിക്കാനും സംഘടനകളെ പ്രേരിപ്പിക്കാൻ പ്രസ്ഥാനം നേതൃതലത്തിൽ മുൻകൈയെടുത്തിട്ടുണ്ട്. പല കാരണങ്ങളാലും പ്രതീക്ഷിച്ച സദ്ഫലങ്ങൾ ഉളവായില്ലെങ്കിലും നിരാശക്കവകാശമില്ല. സൗഹൃദവേദിയിലും മറ്റും ജമാഅത്തിന് സജീവമായ പങ്കാളിത്തമുണ്ട്.

ഉപരിസൂചിത പരിപാടികളിൽ സാഹചര്യത്തിന്റെ തേട്ടമനുസിച്ചുള്ള ഊന്നലുകളും മുൻഗണനാക്രമവുമായി കഴിഞ്ഞ ആറു പതിറ്റാണ്ടായി ജമാഅത്തെ ഇസ്‌ലാമി ഇന്ത്യയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ഒരു ബദൽ വ്യവസ്ഥിതിയായി ഇസ്‌ലാമിനെ സമർപ്പിക്കുമ്പോൾ അതിനായി മുന്നോട്ടുവരുന്നവർ കണക്കിലെടുക്കേണ്ട സുപ്രധാനമായ രണ്ട് സംഗതികളുണ്ട്:

1. സമൂഹത്തിന്റെ നന്മയാണ് ഇസ്‌ലാം ലക്ഷ്യം വെക്കുന്നത്. അതുകൊണ്ടുതന്നെ ഇസ്‌ലാമിന്റെ സംസ്ഥാപനത്തിനുള്ള ഏതു ശ്രമവും സ്ഥിതി വഷളാക്കുന്നതായിക്കൂടാ. നിലനിൽക്കുന്ന അവസ്ഥയെ കൂടുതൽ മെച്ചപ്പെടുത്താനുള്ള പരിശ്രമങ്ങൾ ലക്ഷ്യം കാണാനിടയില്ലാത്തതും പാളിപ്പോയാൽ ഗുരുതരമായ 'ഫിത്ന'യിലേക്ക് നയിച്ചേക്കാവുന്നതുമായ സംരംഭങ്ങൾ ഒഴിവാക്കി, വിജയസാധ്യതയുള്ളതും അഥവാ പരാജയപ്പെട്ടാൽതന്നെ സ്ഥിതി കൂടുതൽ വഷളാക്കാത്തതുമായ സംരംഭങ്ങൾ തെരഞ്ഞെടുക്കണം. ഇത് ഒരു പ്രായോഗിക തന്ത്രം എന്നതിലുപരി ഇസ്‌ലാമിന്റെ ഒരംഗീകൃത തത്ത്വം കൂടിയാണ്.

2. ഇന്ത്യയിൽ നിലനിൽക്കുന്ന മതേതര ജനാധിപത്യം മനുഷ്യ നിർമിത വ്യവസ്ഥകളിൽ ഏറ്റവും മികച്ചതാണ്. ഇസ്‌ലാമിനോട് ഏറ്റവും അടുത്തു നിൽക്കുന്നതും അതുതന്നെ. പല മുസ്‌ലിം നാടുകളും ഇക്കാര്യത്തിൽ ഇന്ത്യയുടെ

ഏറെ പിന്നിലാണ്. പൗര സ്വാതന്ത്ര്യത്തിന്റെയും സ്വതന്ത്ര മാധ്യമങ്ങളുടെ സാന്നിധ്യത്തിന്റെയും കാര്യത്തിൽ ഇസ്‌ലാമിന്റെ ചൈതന്യത്തിനടുത്തെത്തണമെങ്കിൽ ചില മുസ്‌ലിം നാടുകൾ ഇനിയും ഏറെ ദൂരം സഞ്ചരിക്കേണ്ടിയിരിക്കുന്നു. ഇസ്‌ലാമിക വ്യവസ്ഥയിലേക്കുള്ള മാറ്റം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ഇന്ത്യയിൽനിന്നും അത്തരം മുസ്‌ലിം നാടുകളുടെ സംവിധാനത്തിലേക്ക് മടങ്ങിപ്പോകുകയല്ല. മറിച്ച് കൂടുതൽ സമാധാനവും സ്വാതന്ത്ര്യവും ധാർമികവിശുദ്ധിയുമുള്ള പുരോഗമനോന്മുഖവും ക്ഷേമപൂർണവുമായ ഇന്ത്യയിലേക്കുള്ള പ്രയാണമാണ്.

ഇസ്‌ലാമിക വ്യവസ്ഥ എന്ന ആശയം മതതീവ്രവാദത്തിന്റെയും ഭീകരതയുടെയും മർമമായി ഇന്ന് വ്യാപകമായി തെറ്റിദ്ധരിപ്പിക്കപ്പെടുകയും വിമർശിക്കപ്പെടുകയും ചെയ്യുന്നുണ്ട്. ചില മുസ്‌ലിം സംഘടനകൾ പോലും കാര്യമറിയാതെ അതേറ്റുപാടുകയും ചെയ്യുന്നു. ഈ നിലപാട് ആപൽക്കരമാണ്. ഇസ്‌ലാം വിരോധികൾ ഇസ്‌ലാമിനെ അടിക്കാൻ നിർമിച്ച വടിയാണത്. അതുകൊണ്ട് ആര് അടിച്ചാലും കൊള്ളുന്നത് ഇസ്‌ലാമിനാണ്. നാളെ ജമാഅത്ത് രംഗം വിട്ടുവെന്ന് വെക്കുക, എങ്കിൽ ഇന്ന് ജമാഅത്തിനെ തീവ്രവാദമുദ്ര കുത്താൻ മത്സരിക്കുന്ന മുസ്‌ലിം സംഘടനകളായിരിക്കും പുതിയ തീവ്രവാദികളും ഭീകരരുമായി മുദ്രയടിക്കപ്പെടുന്നത്.

ദൈവികവ്യവസ്ഥയുടെ സംസ്ഥാപനം എന്ന ബാധ്യത ഏറ്റെടുത്ത് മുന്നോട്ടുവന്നപ്പോൾ ജമാഅത്തെ ഇസ്‌ലാമി പിന്തുടർന്നുകൊണ്ടിരിക്കുന്ന പാതയുടെ സാമാന്യമായ ഒരു ചിത്രമാണ് വരച്ചുകാട്ടിയത്. ആശങ്കപ്പെടുത്തുന്ന ഇന്ത്യൻ സാഹചര്യത്തിൽ എങ്ങനെ ഇഖാമത്തുദ്ദീനിലേക്ക് ചുവടുവെക്കും എന്ന ചോദ്യത്തിന് ജമാഅത്ത് നൽകുന്ന മറുപടിയാണിത്. പ്രമാണങ്ങളുടെ അന്തസ്സത്തയും സാഹചര്യങ്ങളുടെ സവിശേഷതകളും പരിഗണിച്ച് ആവിഷ്കരിച്ചെടുത്ത ഒരു മാർഗരേഖ. തികച്ചും കുറ്റമറ്റതാണെന്നോ ഇതു മാത്രമേ ശരിയുള്ളൂവെന്നോ പ്രസ്ഥാനം അവകാശപ്പെടുന്നില്ല. നിരൂപണങ്ങൾക്കും വിമർശനങ്ങൾക്കും ബദൽ നിർദേശങ്ങൾക്കും നേരെ പ്രസ്ഥാനം വാതിൽ കൊട്ടിയടക്കാറുമില്ല. ■